## FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 41/2025/OL |
| Category Code: | 140/2024 |
| Exam: | U P School Teacher (Malayalam Medium) |
| Date of Test | 11-04-2025 |
| Department | Education |

Question1:-താഴെപ്പറയുന്നവരിൽ 1930 ൽ മലബാറിൽ നടന്ന ഉപ്പുസത്യാഗ്രഹവുമായി ബന്ധമില്ലാത്തവർ :
(a) മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ്, കെ. കേളപ്പൻ
(b) മൊയ്യാരത്ത് ശങ്കരൻ, പി. കൃഷ്ണപിള്ള
(c) ടി.കെ. മാധവൻ, ഇ. ഇക്കണ്ട വാര്യർ
(d) ആർ.വി. ശർമ, ഇ.മൊയ്തു മൗലവി

A:-(a) യും (d) യും ശരി

B:-(b) യും (c) യും ശരി

C:-(c) മാത്രം ശരി

D:-(b) യും (d) യും ശരി

Correct Answer:- Option-C

Question2:-സർദാർ കെ.എം. പണിക്കർ 'കേരള സിംഹം' എന്ന ചരിത്ര നോവലിൽ കേന്ദ്ര കഥാപാത്രം ആക്കിയിരിക്കുന്നത് ആരെയാണ്?

A:-കുഞ്ഞാലി മരക്കാർ

B:-പഴശ്ശിരാജ

C:-വേലുതമ്പി ദളവ

D:-ആറാട്ടുപുഴ വേലായുധപ്പണിക്കർ

Correct Answer:- Option-B

Question3:-ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻറെ ആദ്യ നാല് സമ്മേളനങ്ങൾ കാലഗണനാ ക്രമത്തിൽ നൽകിയിരിക്കുന്നു. ശരിയായത് കണ്ടെത്തുക.
(a) ബോംബെ, മദ്രാസ്, അലഹബാദ്, കൽക്കട്ട
(b) ബോംബെ, കൽക്കട്ട, അലഹബാദ്, മദ്രാസ്
(c) ബോംബെ, കൽക്കട്ട, മദ്രാസ്, അലഹബാദ്
(d) ബോംബെ, മദ്രാസ്, കൽക്കട്ട, അലഹബാദ്

A:-(a) മാത്രം ശരി

B:-(b) മാത്രം ശരി

C:-(c) മാത്രം ശരി

D:-(d) മാത്രം ശരി

Correct Answer:- Option-C

Question4:-1931 മാർച്ച് 23 ന് ഭഗത് സിംഗിനോടൊപ്പം ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ വിപ്ലവകാരികൾ :
(a) രാജ് ഗുരു, സുഖദേവ്
(b) സുഖദേവ്, ജിതിൻദാസ്

(c) രാജ് ഗുരു, ചന്ദ്രശേഖർ ആസാദ്
(d) ജിതിൻ ദാസ് മാത്രം

A:-(a) മാത്രം ശരി

B:-(c) മാത്രം ശരി

C:-(d) മാത്രം ശരി

D:-(a) യും (c) യും ശരി

Correct Answer:- Option-A

Question5:-താഴെപ്പറയുന്നവരിൽ ആരാണ് 1936 ലെ തൃശ്ശൂരിൽ നടന്ന ഇലക്ട്രിസിറ്റി സമരത്തിന് നേതൃത്വം നൽകിയത്?

A:-വി.ആർ. കൃഷ്ണനെഴുത്തച്ഛൻ

B:-ടി.കെ. നാരായണപിള്ള

C:-കെ. കേളപ്പൻ

D:-ഇ. ഇക്കണ്ട വാര്യർ

Correct Answer:- Option-D

Question6:-ഏത് സമരവുമായി ബന്ധപ്പെട്ടാണ് ഗാന്ധിജിക്ക് ബ്രിട്ടീഷുകാർ ആറു വർഷത്തെ ജയിൽ ശിക്ഷ വിധിച്ചത്?

A:-ക്വിറ്റിന്ത്യാ സമരം

B:-ഉപ്പ് സത്യാഗ്രഹം

C:-നിസ്സഹകരണ പ്രസ്ഥാനം

D:-ചമ്പാരൻ സത്യാഗ്രഹം

Correct Answer:- Option-C

Question7:-താഴെപ്പറയുന്ന സംഘടനകളിൽ പാലിയം സത്യാഗ്രഹ സമരവുമായി ബന്ധമില്ലാത്തത് ഏതാണ്?

A:-കൊച്ചി രാജ്യപ്രജാ മണ്ഡലം

B:-തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്

C:-കമ്മ്യൂണിസ്റ്റ് പാർട്ടി

D:-എസ്.എൻ.ഡി.പി.

Correct Answer:- Option-B

Question8:-ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ചത്

A:-23 നവംബർ 1963

B:-19 ഏപ്രിൽ 1975

C:-18 മെയ് 1974

D:-26 ജൂൺ 1975

Correct Answer:- Option-B

Question9:-തെറ്റായത് കണ്ടെത്തുക :

A:-ദർശനമാല - ശ്രീനാരായണഗുരു

B:-പ്രാചീന മലയാളം - ചട്ടമ്പിസ്വാമികൾ

C:-കണ്ണീരും കിനാവും - വി.ടി. ഭട്ടതിരിപ്പാട്

D:-ആത്മാനുതാപം - വാഗ്ഭടാനന്ദൻ

Correct Answer:- Option-D

Question10:-1924 ൽ ഹാരപ്പൻ സംസ്കാരത്തിൻറെ കണ്ടെത്തൽ പ്രഖ്യാപിച്ച ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറൽ

A:-മോട്ടിമർ വിലർ

B:-ജോൺ മാർഷൽ

C:-അലക്സാണ്ടർ കണ്ണിങ്ഹാം

D:-ചാൾസ് മേസൺ

Correct Answer:- Option-B

Question11:-സസ്യശാസ്ത്രം, ജൈവ വർഗ്ഗീകരണ ശാസ്ത്രം എന്നീ മേഖലകളിൽ മികച്ച സംഭാവനകൾ നൽകി, ഈ അടുത്തകാലത്ത് അന്തരിച്ച സസ്യ ശാസ്ത്രജ്ഞൻ

A:-ഡോ.കെ.എസ്. മണിലാൽ

B:-തപൻ കെ. ബോസ്

C:-നവിൻ ചൗള

D:-ഡോ. കെ.എം. ചെറിയാൻ

Correct Answer:- Option-A

Question12:-ഇന്ത്യയിലെ ആദ്യത്തെ കൃത്രിമ ബുദ്ധി (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് AI) യൂണിവേഴ്സിറ്റി സ്ഥാപിക്കപ്പെട്ടത് ഏത് സംസ്ഥാനത്തിലാണ്?

A:-ഗുജറാത്ത്

B:-ഡൽഹി

C:-മഹാരാഷ്ട്ര

D:-പഞ്ചാബ്

Correct Answer:- Option-C

Question13:-താഴെപ്പറയുന്നവയിൽ അജ്മീറിനടുത്ത് ആരവല്ലി പർവതനിരയിൽ നിന്നും ഉദ്ഭവിക്കുന്ന ലൂണി നദിയുടെ പോഷകനദികളിൽ പെടാത്തത് ഏത്?

A:-ലിൽറി

B:-സുക്രി

C:-ബേത്വ

D:-ജവായി

Correct Answer:- Option-C

Question14:-സമുദ്രതീരങ്ങളിലെ പാറക്കെട്ടുകളിൽ തുടർച്ചയായി തിരമാല അടിക്കുമ്പോൾ തീരശിലകൾ അപരദനത്തിലൂടെ നീക്കം ചെയ്യപ്പെടുന്നതിൻറെ ഫലമായി രൂപപ്പെടുന്ന ചെങ്കുത്തായ കരഭാഗം അറിയപ്പെടുന്ന പേരെന്ത്?

A:-ക്ലിഫ്

B:-സമുദ്രഗുഹ

C:-സമുദ്രകമാനം

D:-സമുദ്രസ്തംഭം

Correct Answer:- Option-A

Question15:-താഴെപ്പറയുന്നവയിൽ പീറ്റ് മണ്ണ് കാണപ്പെടുന്ന പ്രദേശം ഏത്?

A:-ഗുജറാത്ത് തീരപ്രദേശം

B:-മലബാർ തീരപ്രദേശം

C:-കൊങ്കൺ തീരപ്രദേശം

D:-ആൻഡമാൻ നിക്കോബാർ ദ്വീപ്

Correct Answer:- Option-A

Question16:-ഗ്രാമസ്വരാജിനെ സ്വയംഭരണ ഗവൺമെൻറ് എന്ന് വിശേഷിപ്പിച്ചത് ആര്?

A:-ജവഹർലാൽ നെഹ്റു

B:-സ്വാമി ദയാനന്ദ സരസ്വതി

C:-ദാദാഭായ് നവറോജി

D:-ഗാന്ധിജി

Correct Answer:- Option-D

Question17:-അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി 1957-ൽ രൂപീകരിക്കപ്പെട്ട കമ്മറ്റി ഏത്?

A:-അശോക് മേത്ത കമ്മറ്റി

B:-ബൽവന്ത്റായ് മേത്ത കമ്മറ്റി

C:-ജി.വി.കെ. റാവു കമ്മറ്റി

D:-എൻ.എം. സ്വിങ്കി കമ്മറ്റി

Correct Answer:- Option-B

Question18:-2024 ഡിസംബർ 11 മുതൽ റിസർവ്വ് ബാങ്കിൻറെ ഗവർണ്ണറായി ചുമതലയേറ്റത് ആര്?

A:-രഘുറാം രാജൻ

B:-ശക്തികാന്ത ദാസ്

C:-സഞ്ജയ് മൽഹോത്ര

D:-ഉർജിത് പട്ടേൽ

Correct Answer:- Option-C

Question19:-ഇന്ത്യയുടെ 50-ാമത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആര്?

A:-ഡി.വൈ. ചന്ദ്രചൂഡ്

B:-ഉദയ് ഉമേഷ് ലളിത്

C:-നുതലപതി വെങ്കിട്ടരമണ

D:-രഞ്ജൻ ഗൊഗോയ്

Correct Answer:- Option-A

Question20:-ഒരു മാധ്യമത്തിൻറെ മർദ്ദം കൂടുമ്പോൾ അതിലൂടെ സഞ്ചരിക്കുന്ന ശബ്ദത്തിൻറെ പ്രവേഗം _________ ആകുന്നു.

A:-കൂടുന്നു

B:-കുറയുന്നു

C:-മാറ്റമൊന്നും സംഭവിക്കുന്നില്ല

D:-പൂജ്യമാകുന്നു

Correct Answer:- Option-C

Question21:-താഴെ തന്നിട്ടുള്ളവയിൽ പ്രകാശ തീവ്രതയുടെ S.I. യൂണിറ്റ് ഏത്?

A:-ല്യൂമൻ

B:-കാൻഡെല

C:-കെൽവിൻ

D:-ഡെസിബൽ

Correct Answer:- Option-B

Question22:-15 cm വക്രതാ ആരമുള്ള ഒരു കോൺകേവ് ദർപ്പണത്തിൻറെ മുൻപിൽ 10 cm ദൂരത്തിൽ ഒരു വസ്തു സ്ഥിതി ചെയ്യുന്നുവെങ്കിൽ അതിൻറെ പ്രതിബിംബത്തിൻറെ സ്ഥാനം __________ ആയിരിക്കും.

A:-20 cm

B:-10 cm

C:-7.5 cm

D:-30 cm

Correct Answer:- Option-D

Question23:-ഒരു കോയിലിലൂടെയുള്ള കാന്തികഫ്ളക്സ് സമയത്തിനൊപ്പം മാറുമ്പോൾ കോയിലിൽ emf പ്രേരിതമാക്കപ്പെടുമെന്ന് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയതാര്?

A:-ഫാരഡെ

B:-നിക്കോള ടെസ്ല

C:-മാക്സ് വെൽ

D:-ഐസക്ക് ന്യൂട്ടൺ

Correct Answer:- Option-A

Question24:-ഭൂമിയുടെ ഉപരിതലത്തിൽ 5 kg ഭാരമുള്ള ഒരു വസ്തുവിൻറെ പലായന പ്രവേഗം (escape speed) 11.2 km/s ആണെങ്കിൽ 10 kg ഭാരമുള്ള മറ്റൊരു വസ്തുവിൻറെ പലായന പ്രവേഗം __________ ആയിരിക്കും.

A:-2.4 km/s

B:-5.6 km/s

C:-22.4 km/s

D:-11.2 km/s

Correct Answer:- Option-D

Question25:-സ്ഥിര പ്രവാഹത്തിലുള്ള (steady flow) ഒരു ദ്രവത്തിൽ ഇടുങ്ങിയ ഭാഗത്ത് ഉണ്ടാകുന്ന പ്രവാഹ വേഗതാ വർദ്ധനവ് __________നെ അടിസ്ഥാനമാക്കിയാണ്.

A:-പാസ്കൽ നിയമം

B:-ദ്രവ്യസംരക്ഷണ നിയമം

C:-കെപ്ലർ നിയമം

D:-ബോയിൽ നിയമം

Correct Answer:- Option-B

Question26:-ഒരു തിരശ്ചീന മേശയിലൂടെ ചലിക്കുന്ന ഒരു ചതുരക്കട്ടയിൽ ഗുരുത്വാകർഷണ ബലത്തിൻറെ പ്രവർത്തി __________ ആയിരിക്കും.

A:-പോസിറ്റീവ്

B:-നെഗറ്റീവ്

C:-പൂജ്യം

D:-mgh

Correct Answer:- Option-C

Question27:-'ചന്ദ്രനിഗൂഢത' എന്ന പ്രതിഭാസം മൂലം സെപ്റ്റംബർ 14, 2022 ൽ കാഴ്ചയിൽ നിന്ന് അപ്രത്യക്ഷമായ ഗ്രഹം ഏത്?

A:-ബുധൻ

B:-ശുക്രൻ

C:-യുറാനസ്

D:-ശനി

Correct Answer:- Option-C

Question28:-2023 ജൂലൈ 14 ന് ISRO വിക്ഷേപിച്ച ചന്ദ്രയാൻ-3 യിലെ റോവറിൻറെ മിഷൻലൈഫ് എത്രയാണ്?

A:-22 ഭൗമദിനങ്ങൾ

B:-14 ഭൗമദിനങ്ങൾ

C:-28 ചാന്ദ്രദിനങ്ങൾ

D:-14 ചാന്ദ്രദിനങ്ങൾ

Correct Answer:- Option-B

Question29:-ഹൈഡ്രജൻറെ ട്രിഷിയം എന്ന ഐസോടോപ്പിൽ എത്ര ന്യൂട്രോണുകൾ അടങ്ങിയിരിക്കുന്നു?

A:-1

B:-0

C:-2

D:-3

Correct Answer:- Option-C

Question30:-$O^{-2}$,$F^{-}$,$Na^{+}$,$Mg^{2+}$ ഇവ ഏത് വിഭാഗത്തിൽ പെടുന്നു?

A:-ഐസോടോപ്പുകൾ

B:-ഐസോബാറുകൾ

C:-ഐസോ ഇലക്ട്രോണിക് പദാർത്ഥങ്ങൾ

D:-ഐസോമറുകൾ

Correct Answer:- Option-C

Question31:-ശ്രവണ സഹായികളിൽ ഉപയോഗിക്കുന്ന സെൽ

A:-ലക്ലാഞ്ചെ സെൽ

B:-നിക്കൽ-കാഡ്മിയം സെൽ

C:-ഇന്ധന സെൽ

D:-മെർക്കുറി സെൽ

Correct Answer:- Option-D

Question32:-രാസപ്രവർത്തനം A+B — Products. ഇതിൻറെ നിരക്ക് സമവാക്യം $r = K[A]^{\frac{1}{2}}[B]^2$ . ഇതു പ്രകാരം രാസ പ്രവർത്തനത്തിൻറെ ഓർഡർ

A:-2.5

B:-2

C:-0.5

D:-0.25

Correct Answer:- Option-A

Question33:-രാസവാക്യം $C_5H_{12}$ ന്റെ എത്ര ഐസോമറുകൾ സാധ്യമാണ്?

A:-5

B:-12

C:-7

D:-3

Correct Answer:- Option-D

Question34:-ജലത്തിൽ കാർബൺഡയോക്സൈഡിൻറെ ലേയത്വം വർധിക്കുന്നു

A:-ഊഷ്മാവ് കൂട്ടുമ്പോൾ

B:-മർദ്ദം കൂട്ടുമ്പോൾ

C:-ഊഷ്മാവും മർദ്ദവും കൂട്ടുമ്പോൾ

D:-ഊഷ്മാവും മർദ്ദവും കുറയുമ്പോൾ

Correct Answer:- Option-B

Question35:-സിറിഞ്ചിൻറെ പ്രവർത്തനം ഏത് വാതക നിയമത്തിൻറെ അടിസ്ഥാനത്തിൽ ആണ്.

A:-ചാൾസ് നിയമം

B:-ബോയിൽ നിയമം

C:-അവോഗാഡ്രോ നിയമം

D:-ഡാൾട്ടൻ നിയമം

Correct Answer:- Option-B

Question36:-വൈദ്യുതി കടത്തിവിടുന്ന കാർബണിൻറെ അലോട്രോപ്പ്

A:-വജ്രം

B:-ചാർക്കോൾ

C:-ഗ്രാഫൈറ്റ്

D:-ഗ്രാഫീൻ

Correct Answer:- Option-C

Question37:-സിസ് പ്ലാറ്റിൻ പ്രധാനമായും ഉപയോഗിക്കുന്നത്

A:-റോക്കറ്റ് നിർമ്മാണത്തിന്

B:-കാൻസർ ചികിത്സയ്ക്ക്

C:-ഭക്ഷണം കേടാകാതിരിക്കാൻ

D:-പെയിൻറ് നിർമ്മാണത്തിന്

Correct Answer:- Option-B

Question38:-ശ്വസനസമയത്ത് ഉത്പാദിപ്പിക്കപ്പെടുന്നതും കോശപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നതുമായ ഊർജ്ജം സംഭരിക്കുന്ന രൂപം

A:-NAD

B:-AMP

C:-PCR

D:-ATP

Correct Answer:- Option-D

Question39:-പാൻക്രിയാറ്റിക് ഐലറ്റുകളുടെ ബീറ്റാകോശങ്ങൾ സ്രവിപ്പിക്കുന്ന ഇൻസുലിൻ ഏത് തരത്തിൽപെട്ട ഹോർമോൺ ആണ്?

A:-അയഡൈഡ്

B:-പെപ്റ്റൈഡ്

C:-സ്റ്റിറോയിഡ്

D:-ഓർഗാനിക്

Correct Answer:- Option-B

Question40:-പുരുഷബീജകോശങ്ങൾക്ക് പോഷകങ്ങൾ നൽകുന്ന കോശങ്ങൾ

A:-സെർട്ടോളി കോശങ്ങൾ

B:-ഇൻറർസ്റ്റീഷ്യൽ കോശങ്ങൾ

C:-ഫ്ലജെല്ലാർ കോശങ്ങൾ

D:-ഫാലോപ്പിയൻ ട്യൂബുകൾ

Correct Answer:- Option-A

Question41:-താഴെപ്പറയുന്നവയിൽ രുചി തിരിച്ചറിയാൻ സഹായിക്കുന്ന ഗ്രാഹി

A:-ഘ്രാണഗ്രാഹി

B:-ഗസ്റ്റേറ്ററി ഗ്രാഹി

C:-1 & 2

D:-ഇവയിൽ ഒന്നുമല്ല

Correct Answer:- Option-B

Question42:-ഒരു ഹീമോഗ്ലോബിൻ തൻമാത്രയ്ക്ക് വഹിക്കാൻ കഴിയുന്ന ഓക്സിജൻ മോളികൃൂളിൻറെ എണ്ണം

A:-1

B:-2

C:-3

D:-4

Correct Answer:- Option-D

Question43:-താഴെപ്പറയുന്നവയിൽ ഏറ്റവും ചെറിയ ലോബ്

A:-ഫ്രണ്ടൽ ലോബ്

B:-ഒസിപ്പിറ്റൽ ലോബ്

C:-ടെംപറൽ ലോബ്

D:-പാരിയേറ്റൽ ലോബ്

Correct Answer:- Option-B

Question44:-ബോട്ടുലിസം പരത്തുന്ന ബാക്ടീരിയ

A:-ലാക്ടോബാസില്ലസ്

B:-മൈക്രോറൈസ

C:-പ്ലാസ്മോഡിയം

D:-ക്ലോസ്ട്രിഡിയം

Correct Answer:- Option-D

Question45:-PMJAY അറിയപ്പെടുന്നത്

A:-ആരോഗ്യഭാരത്

B:-ആയുഷ്മാൻ ഭാരത്

C:-ഗരീബോം കാ ആരോഗ്യ യോജന

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question46:-$\sqrt{3}, 3, 3\sqrt{3}, \ldots$ എന്ന ശ്രേണിയിലെ എത്രാമത്തെ പദമാണ് 729?

A:-4

B:-12

C:-8

D:-16

Correct Answer:- Option-B

Question47:-$\frac{5}{8}+\frac{3}{4}+\frac{1}{2}=$

A:-$\frac{15}{8}$

B:-$\frac{9}{8}$

C:-$\frac{5}{16}$

D:-$\frac{1}{2}$

Correct Answer:- Option-A

Question48:-$\sqrt{0.000625}$ =

A:-0.25

B:-0.0025

C:-2.5

D:-0.025

Correct Answer:- Option-D

Question49:-ഒരു ക്ലാസിലെ 30 കുട്ടികളുടെ ശരാശരി വയസ്സ് 13 ആണ്. അതിനോട് കൂടി ടീച്ചറുടെ വയസ്സ് കൂട്ടിയാൽ ശരാശരി 1 വർദ്ധിക്കുമെങ്കിൽ ടീച്ചറുടെ വയസ്സെത്ര?

A:-44

B:-32

C:-34

D:-46

Correct Answer:- Option-A

Question50:-ഒരു സഞ്ചിയിൽ ഉള്ള 2 രൂപ നാണയങ്ങളുടെയും 10 രൂപ നാണയങ്ങളുടെയും 5 രൂപ നാണയങ്ങളുടെയും എണ്ണങ്ങളുടെ അംഗബന്ധം 5 : 8 : 7 ഉം നാണയങ്ങളുടെ ആകെ തുക 1250 രൂപയും ആണെങ്കിൽ സഞ്ചിയിൽ ഉള്ള 5 രൂപ നാണയങ്ങളുടെ എണ്ണം എത്ര?

A:-90

B:-84

C:-78

D:-70

Correct Answer:- Option-D

Question51:-18 ജോലിക്കാർ ഒരു മതിൽ പണിയാൻ 52 മണിക്കൂർ എടുക്കുമെങ്കിൽ അതെ ജോലി 36 മണിക്കൂർ കൊണ്ട് ചെയ്ത് തീരാൻ എത്ര ജോലിക്കാർ അധികം വേണം?

A:-4

B:-2

C:-8

D:-10

Correct Answer:- Option-C

Question52:-മണിക്കൂറിൽ 54 km വേഗതയിൽ ഓടുന്ന ഒരു ട്രെയിൻ 18 സെക്കൻറ് കൊണ്ട് ട്രാക്കിനരികിൽ നിൽക്കുന്ന ഒരു മരത്തിനെ കടന്നുപോകുന്നു എങ്കിൽ ട്രെയിനിൻറെ നീളം എത്ര?

A:-230

B:-240

C:-270

D:-210

Correct Answer:- Option-C

Question53:-ക്ലോക്കിൽ സമയം 8:20 ആയിരിക്കുമ്പോൾ മിനിറ്റ് സൂചിയ്ക്കും മണിക്കൂർ സൂചിയ്ക്കും ഇടയിലുള്ള കോൺ എത്ര?

A:-210

B:-130

C:-120

D:-80

Correct Answer:- Option-B

Question54:-5000 രൂപ സാധാരണ പലിശ നിരക്കിൽ 8 വർഷത്തേക്ക് നിക്ഷേപിച്ചാൽ 4000 രൂപ പലിശ ലഭിക്കണമെങ്കിൽ പലിശ നിരക്ക് എത്ര ശതമാനം?

A:-6

B:-10

C:-8

D:-12

Correct Answer:- Option-B

Question55:-$\frac{(9.5)^3+(0.5)^3}{9.5\times9.5-9.5\times0.5+0.5\times0.5}$

A:-9

B:-8

C:-6

D:-10

Correct Answer:- Option-D

Question56:-ഒരു ഗോളത്തിൻറെ ആരം ഇരട്ടി ആയാൽ വ്യാപ്തം എത്ര മടങ്ങ് വർദ്ധിക്കും?

A:-8

B:-2

C:-4

D:-9

Correct Answer:- Option-A

Question57:-രണ്ട് സംഖ്യകളുടെ ഉ.സാ.ഘ (HCF) 8 ഉം, അവയുടെ ല.സാ.ഗു (LCM) 48 ഉം ആണ്. ഒരു സംഖ്യ 16 ആയാൽ മറ്റേ സംഖ്യ എത്ര?

A:-20

B:-16

C:-24

D:-8

Correct Answer:- Option-C

Question58:-ഒരു സംഖ്യ മറ്റൊരു സംഖ്യയുടെ 3 മടങ്ങിനേക്കാൾ 2 കൂടുതലാണ്. ചെറിയ സംഖ്യയുടെ 4 മടങ്ങാണ് വലിയ സംഖ്യ എങ്കിൽ, ചെറിയ സംഖ്യ ഏത്?

A:-4

B:-2

C:-8

D:-10

Correct Answer:- Option-B

Question59:-ഒരു ക്ലാസിലെ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണം 7:5 എന്ന അംശബന്ധത്തിലാണ്. ആൺകുട്ടികളുടെ എണ്ണത്തെക്കാൾ 8 കൂടുതലാണ് പെൺകുട്ടികളുടെ എണ്ണം, എങ്കിൽ ക്ലാസ്സിൽ എത്ര ആൺകുട്ടികൾ ഉണ്ട്?

A:-20

B:-28

C:-10

D:-15

Correct Answer:- Option-A

Question60:-ഒരു പരീക്ഷയിൽ വിജയിക്കാൻ 30% മാർക്ക് വേണം. 80 മാർക്ക് നേടിയ കുട്ടി 10 മാർക്കിന് തോറ്റെങ്കിൽ ആകെ മാർക്ക് എത്ര?

A:-100

B:-300

C:-200

D:-400

Correct Answer:- Option-B

Question61:-വികാസതത്വമല്ലാത്തത് ഏത്?

A:-വികാസം പ്രവചനാതീതമാണ്

B:-വികാസം അനുസ്യൂതമാണ്

C:-വികാസം ഗതിനിയമം പാലിക്കുന്നു

D:-വികാസം സഞ്ചിത സ്വഭാവത്തോടു കൂടിയതാണ്

Correct Answer:- Option-A

Question62:-സ്വന്തം മാനസിക അവസ്ഥയെയും മാനസിക പ്രതിഭാസങ്ങളെയും മനസ്സിൻറെ ഉള്ളിലേക്ക് നോക്കിക്കൊണ്ട് വിവരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്ന രീതി

A:-നിരീക്ഷണ രീതി

B:-ആത്മനിഷ്ഠ രീതി

C:-ക്ലിനിക്കൽ രീതി

D:-പ്രക്ഷേപണ രീതി

Correct Answer:- Option-B

Question63:-പഠന നിയമ ത്രയത്തിൽ ഉൾപ്പെടാത്തതേത്?

A:-സന്നദ്ധതാ നിയമം

B:-ആവർത്തന നിയമം

C:-ഫല നിയമം

D:-സാമ്യതാ നിയമം

Correct Answer:- Option-D

Question64:-നിരീക്ഷിക്കപ്പെടുന്ന വ്യവഹാരത്തിൻറെ പ്രത്യേകതകൾ എത്ര അളവിലും തീവ്രതയിലുമുണ്ടെന്ന് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നത്.

A:-ചെക്ക് ലിസ്റ്റ്

B:-ഉപഖ്യാന രേഖ

C:-റേറ്റിങ് സ്കെയിൽ

D:-സഞ്ചിത രേഖ

Correct Answer:- Option-C

Question65:-അന്ത്യ ബാല്യത്തിലെ പ്രകൃതവും സവിശേഷതയുമേത്?

A:-ബുദ്ധിവികാസം കൂടുതൽ ത്വരിതമാകുന്നു

B:-പഠനത്തിലും കളികളിലും മാത്സര്യബോധം വർദ്ധിക്കുന്നു

C:-ഭാവനാ ലോകത്തിൽ വിഹരിക്കാനുള്ള താൽപര്യം

D:-സംഘബോധം കൂടുതൽ തീവ്രമാകുന്നു

Correct Answer:- Option-B

Question66:-"ചെറു ചെറു വാക്യങ്ങളിലൂടെയുള്ള നിർദേശങ്ങൾ തിരിച്ചറിയും, പദസ്വാധീനം കുറവാണ്" - എന്നത് ഏത് പ്രായത്തിലെ സവിശേഷതയാണ്?

A:-3 – 4

B:-4 – 5

C:-5 – 6

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question67:-കേന്ദ്രീകൃത ചിന്തനം ഏത് ഘട്ടത്തിലെ സവിശേഷതയാണ്?

A:-ഇന്ദ്രിയ ചാലക ഘട്ടം

B:-പ്രാഗ് മനോവ്യാപാര ഘട്ടം

C:-മൂർത്ത മനോവ്യാപാര ഘട്ടം

D:-ഔപചാരിക മനോവ്യാപാര ഘട്ടം

Correct Answer:- Option-B

Question68:-മുതിർന്നവരുടെ പെരുമാറ്റ രീതികൾ കുട്ടികൾ അനുകരിക്കുകയും അവലംബിക്കുകയും ചെയ്യുമെന്ന് തെളിയിക്കുന്ന പരീക്ഷണം.

A:-വിശക്കുന്ന എലിയെ കൂട്ടിലിട്ടുള്ള പരീക്ഷണം

B:-സുൽത്താൻ എന്ന ചിമ്പാൻസിയിലെ പരീക്ഷണം

C:-ബോബോ പാവ പരീക്ഷണം

D:-സ്ഫടിക കൂട്ടിലടച്ച നായയുടെ പരീക്ഷണം

Correct Answer:- Option-C

Question69:-പിയാഷെയുടെ സാന്മാർഗിക വികാസ ഘട്ടങ്ങളിൽ നീതിബോധത്തിൻറെ ഘട്ടം എന്ന് വിളിക്കുന്നത് ഏതിനെയാണ്?

A:-അനോമി

B:-ഹെറ്ററോണമി - അഥോറിട്ടി

C:-ഹെറ്ററോണമി - റെസിപ്രോസിറ്റി

D:-ആട്ടോണമി - അഡോളസെൻസ്

Correct Answer:- Option-D

Question70:-മഞ്ഞുമലയുമായി സാദൃശ്യമുള്ളതായി നിരീക്ഷിക്കപ്പെടുന്ന മനസ്സിൻറെ തലം

A:-അബോധ മനസ്സ്

B:-ബോധ മനസ്സ്

C:-ഉപബോധ മനസ്സ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question71:-ശരീരത്തിലെ പേശികളുടെ വലുപ്പവും ശക്തിയും കുറഞ്ഞ് വന്ന് ശരീര ചലനങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ

A:-സെറിബ്രൽ പാൾസി

B:-മൾട്ടിപ്പിൾ സ്ക്ലിറോസിസ്

C:-മസ്കുലർ ഡിസ്ട്രോഫി

D:-തീവ്രമായ നാഡീതകരാറുകൾ

Correct Answer:- Option-C

Question72:-ഒരു വ്യക്തി തൻറെ കുറ്റങ്ങളുടെയും പരാജയങ്ങളുടെയും കാരണം മറ്റൊരാളിൽ ചുമത്തി സ്വയം രക്ഷപ്പെടുന്ന തന്ത്രം.

A:-പശ്ചാത്ഗമനം

B:-അനുപൂരണം

C:-ഉദാത്തീകരണം

D:-പ്രക്ഷേപണം

Correct Answer:- Option-D

Question73:-ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യം എന്നീ വിഭാഗത്തിൽ പ്പെടുന്നവരുടെ ക്ഷേമം ഉറപ്പാക്കാനായി 1999 ഡിസംബർ 30 ന് പാർലമെൻറ് പാസാക്കിയ ആക്ട്

A:-മെൻറൽ ഹെൽത്ത് ആക്ട്

B:-നാഷണൽ ട്രസ്റ്റ് ആക്ട്

C:-R.C.I. ആക്ട്

D:-R.P.W.D. ആക്ട്

Correct Answer:- Option-B

Question74:-പ്രതിക്രിയാധ്യാപനത്തിലെ നാല് ഘട്ടങ്ങളേതൊക്കെ?

A:-ചോദ്യം ചോദിക്കൽ, സംഗ്രഹിക്കൽ, വിശദീകരിക്കൽ, സ്വാംശീകരിക്കൽ

B:-സ്വാംശീകരിക്കൽ, വിശദീകരിക്കൽ, സംഗ്രഹിക്കൽ, പ്രവചിക്കൽ

C:-സംഗ്രഹിക്കൽ, സ്വാംശീകരിക്കൽ, ചോദ്യം ചോദിക്കൽ, പ്രവചിക്കൽ

D:-ചോദ്യം ചോദിക്കൽ, സംഗ്രഹിക്കൽ, വിശദീകരിക്കൽ, പ്രവചിക്കൽ

Correct Answer:- Option-D

Question75:-പ്രകൃതിപരമായ ബുദ്ധിയുമായി ബന്ധപ്പെട്ട പ്രവർത്തനം ഏത്?

A:-മഹദ് വചനങ്ങൾ വ്യഖ്യാനിക്കൽ

B:-സംവാദങ്ങളിലേർപ്പെടൽ

C:-കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കൽ

D:-കൊളാഷ് നിർമ്മാണം

Correct Answer:- Option-C

Question76:-പാഠ്യപദ്ധതി വിഭാവന ചെയ്യുന്ന പഠന-ബോധന പരിപാടികൾ ഉറപ്പ് വരുത്താൻ സഹായിക്കുന്ന ഒരു ആന്തരിക പഠന പിന്തുണാസംവിധാനം

A:-വാർഷിക പ്രവർത്തനാസൂത്രണം

B:-വിദ്യാലയ റിസോഴ്സ് ഗ്രൂപ്പ്

C:-അനുഭവ പരിപാടികൾ

D:-പരിശീലനങ്ങൾ

Correct Answer:- Option-A

Question77:-പുനരുപയോഗത്തിനു വേണ്ടി ആവശ്യമായ വിവരങ്ങൾ, പദങ്ങൾ, ആശയങ്ങൾ എന്നിവ ഓർത്തു വയ്ക്കുന്നത്.

A:-സംഭവപരമായ ഓർമ

B:-പ്രക്രിയാപരമായ ഓർമ

C:-അർത്ഥപരമായ ഓർമ

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question78:-ആന്തരിക പ്രേരണയുടെ സവിശേഷത അല്ലാത്തതേത്?

A:-നേട്ടങ്ങളോ അംഗീകാരങ്ങളോ പ്രേരിതമാകുന്നു

B:-പ്രവൃത്തിയും ലക്ഷ്യപൂർത്തികരണവും ഒരേ പോലെ ആനന്ദകരമായി ഭവിക്കുന്നു

C:-പ്രകൃതി ദത്തമായ അഭിപ്രേരണ

D:-ഒരാളുടെ ഉള്ളിൽ നിന്ന് വരുന്നത്

Correct Answer:- Option-A

Question79:-പഠിക്കാനുള്ള വസ്തുവിനെ ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെടുത്തി ഓർമിക്കാൻ ശ്രമിക്കുന്ന രീതി

A:-സമഗ്ര പഠനം

B:-SQRRRS രീതി

C:-അംശ പഠനം

D:-ദൃശ്യവൽകൃത പഠനം

Correct Answer:- Option-D

Question80:-കുട്ടികളുടെ ബുദ്ധിപരമായ വികാസത്തെ ത്വരിതപ്പെടുത്തുക, കൂടുതൽ മികവുറ്റതാക്കുക എന്ന രീതിയിൽ ഒരു സാംസ്കാരിക ഉപകരണം മാത്രമാണ് വിദ്യാഭ്യാസം എന്ന് അഭിപ്രായപ്പെട്ടതാര്?

A:-ആൽബർട്ട് ബന്ദുര

B:-ജെറോം എസ്. ബ്രൂണർ

C:-ബി.എഫ്. സ്കിന്നർ

D:-മാക്സ് വെർതീമർ

Correct Answer:- Option-B

Question81:-_________ is a minimal, distinctive sound unit of a language.

A:-Intonation

B:-Consonant

C:-Diphthong

D:-Phoneme

Correct Answer:- Option-D

Question82:-The arrangement of words and phrases to create well formed sentences in language is called

A:-Syntax

B:-Semantics

C:-Synonmys

D:-Verb phrase

Correct Answer:- Option-A

Question83:-Every one of us will *kick the bucket* someday.
What does the idiom '*kick the bucket*' mean?

A:-to break the bucket

B:-to walk lazily

C:-to die

D:-to avoid plastic

Correct Answer:- Option-C

Question84:-If you ________ hard, you will succeed.

A:-had worked

B:-worked

C:-works

D:-work

Correct Answer:- Option-D

Question85:-Fill in the blanks using suitable preposition.
He had recovered ________ his illness.

A:-off

B:-from

C:-of

D:-to

Correct Answer:- Option-B

Question86:-Use the correct form of the verbs given in brackets.
Braking dogs seldom ________.

A:-bite

B:-bites

C:-are biting

D:-is biting

Correct Answer:- Option-A

Question87:-Who is regarded as the exponent of Universal Grammar?

A:-Vygotsky

B:-Bruner

C:-Noam Chomsky

D:-William Bullokar

Correct Answer:- Option-C

Question88:-The acronmy DIET stands for ________.

A:-District Institute of Elementary Training

B:-District Institute of Education and Training

C:-District Institute of Education and Teaching

D:-District Institute of Educational Technology

Correct Answer:- Option-B

Question89:-Which among the following is an imperative sentence?

A:-Wow, what a beautiful view!

B:-Sun rises in the east.

C:-Obey your elders.

D:-Where are you going?

Correct Answer:- Option-C

Question90:-__________ is her favorite sports.

A:-Swim

B:-Swimming

C:-Swum

D:-Swam

Correct Answer:- Option-B

Question91:-ബഞ്ചമിൻ എസ്. ബ്ലൂമിൻറെ വർഗ്ഗീകരണമനുസരിച്ച് ബൗദ്ധികബോധനോദ്ദേശ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A:-അറിവ്

B:-പ്രയോഗം

C:-ഉദ്ഗ്രഥനം

D:-സംഘാടനം

Correct Answer:- Option-D

Question92:-സൂക്ഷ്മബോധനത്തിനു യോജിച്ച പ്രസ്താവനകൾ ഏതെല്ലാം?
(i) നൈപുണി പരിശീലനപ്രക്രിയയാണ്
(ii) കുട്ടികളുടെ എണ്ണവും ബോധനസമയവും തീരെ ചെറുതാണ്
(iii) വളരെ താമസിച്ചുമാത്രം ലഭിക്കുന്ന പ്രതിപുഷ്ടി
(iv) അച്ചടക്ക നിയന്ത്രണത്തിനുള്ള സാധ്യത കുറവാണ്

A:-(i) ഉം (ii) ഉം ശരി

B:-(iii) ഉം (iv) ഉം ശരി

C:-(i) ഉം (ii) ഉം (iii) ഉം ശരി

D:-എല്ലാം ശരി

Correct Answer:- Option-A

Question93:-ജ്ഞാനനിർമ്മിതിവാദത്തിലെ മൂല്യനിർണ്ണയരീതികളിൽ ഉൾപ്പെടാത്തത് ഏത്?

A:-അനക്ഡോട്ടൽ റിക്കോർഡുകൾ

B:-പോർട്ട്ഫോളിയോ

C:-റൂബ്രിക്സ്

D:-യൂണിറ്റ് ടെസ്റ്റ്

Correct Answer:- Option-D

Question94:-മണിയറക്കവിതകളുടെ കവി എന്നറിയപ്പെടുന്നത് ആര്?

A:-അയ്യപ്പപ്പണിക്കർ

B:-എം. ഗോവിന്ദൻ

C:-എൻ.എൻ. കക്കാട്

D:-മാധവൻ അയ്യപ്പത്ത്

Correct Answer:- Option-D

Question95:-'ചെറുകഥയിലെ സംക്രമപുരുഷനാണ് ഉറൂബ്' എന്നു നിരീക്ഷിച്ചത് ആര്?

A:-കെ.എസ്. രവികുമാർ

B:-എൻ.എസ്. മാധവൻ

C:-പി.പി. രവീന്ദ്രൻ

D:-പി.കെ. രാജശേഖരൻ

Correct Answer:- Option-A

Question96:-ചേരുംപടി ചേർക്കുക :

| | |
|---|---|
| (A) ഞാൻ | (i) തകഴി ശിവശങ്കരപ്പിള്ള |
| (B) ഓർമ്മയുടെ തീരങ്ങളിൽ | (ii) ഭാരതി ഉദയഭാനു |
| (C) അടുക്കളയിൽ നിന്നു പാർലമെൻറിലേക്ക് | (iii) പൊൻകുന്നം വർക്കി |
| (D) എൻറെ വഴിത്തിരിവ് | (iv) അന്ന ചാണ്ടി |
| | (v) എൻ.എൻ. പിള്ള |

A:-(A) - (ii) (B) - (i) (C) - (iv) (D) - (v)

B:-(A) - (v) (B) - (iii) (C) - (iv) (D) - (i)

C:-(A) - (v) (B) - (i) (C) - (ii) (D) - (iii)

D:-(A) - (iii) (B) - (i) (C) - (ii) (D) - (v)

Correct Answer:- Option-C

Question97:-താഴെ കൊടുത്തിരിക്കുന്നവയിൽ നമ്പ്യാന്തമിഴ് കൃതികളിൽ ഉൾപ്പെടുന്നത് ഏത്?

A:-ദേവീമാഹാത്മ്യം

B:-ലീലാതിലകം

C:-ശിവപുരാണം കിളിപ്പാട്ട്

D:-ഗജേന്ദ്രമോക്ഷം

Correct Answer:- Option-A

Question98:-വി. ഷിനിലാലിൻറെ ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര എന്ന കഥയിൽ സൂചിതമായ ചരിത്രപുരുഷന്മാർ ആരെല്ലാം?

A:-വള്ളത്തോൾ, ശ്രീനാരായണഗുരു

B:-കുമാരനാശാൻ, ശ്രീനാരായണഗുരു

C:-വള്ളത്തോൾ, ചട്ടമ്പിസ്വാമികൾ

D:-ആശാൻ, വാഗ്ഭടാനന്ദൻ

Correct Answer:- Option-B

Question99:-വാധ്യാർക്കഥകളിലൂടെ പ്രസിദ്ധനായ കഥാകൃത്ത് ആര്?

A:-കാരൂർ നീലകണ്ഠപിള്ള

B:-ലളിതാംബിക അന്തർജ്ജനം

C:-വൈക്കം മുഹമ്മദ് ബഷീർ

D:-പൊൻകുന്നം വർക്കി

Correct Answer:- Option-A

Question100:-കേരളഭാഷാവ്യാകരണം എന്ന കൃതിക്ക് യോജിച്ച പ്രസ്താവനകൾ ഏതെല്ലാം?

(i) പാച്ചുമൂത്തത് എഴുതിയ കൃതിയാണ്

(ii) ചോദ്യോത്തരരൂപത്തിൽ എഴുതപ്പെട്ടു

(iii) സംസ്കൃതരീതിയെ അവലംബിച്ച് മലയാളത്തിന് വ്യാകരണം നിർമ്മിക്കാനുള്ള ശ്രമമായിരുന്നു

(iv) തമിഴ് രീതിയെ പിൻതുടർന്ന് മലയാളത്തിന് വ്യാകരണം നിർമ്മിക്കാനുള്ള ശ്രമമായിരുന്നു

A:-(i), (ii), (iii) ഉം ശരി

B:-(i), (ii), (iv) ഉം ശരി

C:-(i), (ii) ഉം ശരി

D:-എല്ലാം തെറ്റ്

Correct Answer:- Option-A